# അക്കാദമിക മാസ്റ്റർ പ്ലാൻ

GLPS VELANILAM

# 2025-26

## ആമുഖം

കോട്ടയം ജില്ലയിലെ മുണ്ടക്കയം പഞ്ചായത്തിലെ ഒന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന സരസ്വതി ക്ഷേത്രമാണ് ജി എൽ പി എസ് വേലനിലം.1948ൽ സ്ഥാപിതമായ ഈ വിദ്യാലയം അനേകായിരങ്ങൾക്ക് അക്ഷര വെളിച്ചം പകർന്നിട്ടുണ്ട്. പ്രീ പ്രൈമറി മുതൽ 5ആം ക്ലാസ്സ് വരെ 60ഓളം കുട്ടികൾ വിദ്യ അഭ്യസിക്കുന്നുണ്ട്.

## ഉള്ളടക്കം


•ആമുഖം

•അടിസ്ഥാന വിവരം

•ആശയങ്ങൾ

•ലക്ഷ്യങ്ങൾ

•തനതു പ്രവർത്തനങ്ങൾ

•പ്രവർത്തന പദ്ധതി

•ഉപസംഹാരം


## അടിസ്ഥാന വിവരങ്ങൾ

വിദ്യാലത്തിന്റെ പേര് : GLPS വേലനിലം

വിലാസം :വേലനിലം po വേലനിലം മുണ്ടക്കയം 696514

സ്കൂൾ കോഡ് :32344

വിദ്യാഭ്യാസ ഉപജില്ല :കാഞ്ഞിരപ്പള്ളി

വിദ്യാഭ്യാസ ജില്ല :കാഞ്ഞിരപ്പള്ളി

റവന്യു ജില്ല:കോട്ടയം

ബി ആർ സി:കാഞ്ഞിരപ്പള്ളി

ഗ്രാമ പഞ്ചായത്ത്:മുണ്ടക്കയം

ബ്ലോക്ക് പഞ്ചായത്ത്:കാഞ്ഞിരപ്പള്ളി

ജില്ലാ പഞ്ചായത്ത്:കോട്ടയം

നിയമസഭ:പൂഞ്ഞാർ

ലോകസഭ:പത്തനംതിട്ട

താലൂക്ക്:കാഞ്ഞിരപ്പള്ളി

വില്ലേജ്:മുണ്ടക്കയം

ഇ മെയിൽ:glpsvelanilam @gmail. Com

ക്ലാസുകൾ:1-5

മാനേജ്മെന്റ്:ഗവണ്മെന്റ്

പഠന മാധ്യമം:മലയാളം

വിദ്യാർത്ഥികളുടെ എണ്ണം:30

ആശയങ്ങൾ

പാഠ്യമേഖലകളിലെ പ്രവർത്തനങ്ങളോടൊപ്പം പാഠ്യേതര മേഖലകളിലും ഓരോ കുട്ടിയുടെയും കഴിവുകൾ തിരിച്ചറിഞ്ഞ് അവയെ വളർത്തിയെടുക്കാനുള്ള പിന്തുണ ഒരുക്കുക. സാമൂഹ്യ സാമൂഹ്യ മൂല്യങ്ങളിൽ ഊന്നി സഹജീവികളോടും ചുറ്റുപാടിനോട് ഉള്ള സ്നേഹം അനുകമ്പ എന്നിവ വളർത്തിയെടുക്കുന്നതിനും കുടുംബത്തിനും സമൂഹത്തിനും മാതൃകയാകുന്ന കുട്ടികളെ വാർത്തെടുക്കുക. മദ്യം മയക്കുമരുന്ന് തുടങ്ങിയ ലഹരിപദാർത്ഥങ്ങൾ ഒരു ഒരു സാമൂഹിക വിപത്താണെന്ന് തിരിച്ചറിയുകയും അതിനെതിരെ പ്രവർത്തിക്കേണ്ടത് ഓരോ പൗരന്റെയും ഉത്തരവാദിത്വമാണ് എന്ന് തിരിച്ചറിയുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുക.

ലക്ഷ്യങ്ങൾ

- മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനങ്ങൾക്കും ഉറപ്പാക്കുക.
- അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല ലക്ഷ്യത്തോടെ സൗകര്യം മെച്ചപ്പെടുത്തുക.
- എൽകെജി മുതൽ അഞ്ചാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിയ്ക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടത്താൻ ഉതകുന്ന പ്രവർത്തനങ്ങളും രൂപപ്പെടുത്തൽ.
- അധ്യാപനവും, അധ്യയനവും സർഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

തനതു പ്രവർത്തനങ്ങൾ

---

I Can

---

English അസംബ്ലി

English diary(മലയാളം സംയുക്ത ഡയറി മാതൃക )

ചിഹ്നത്തിളക്കം

---

ഒന്ന് മുതൽ 3 വരെ കുട്ടികൾക്ക് ചിഹ്നം ഉറപ്പിക്കാനുള്ള പ്രവർത്തനം

ഗണിതക്കൂട്ട്

---

ഗണിതത്തിൽ ഗണന ചിന്ത ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

2025- 2026 അധ്യയന വർഷത്തിൽ പുതുതായി ആരംഭിക്കുന്ന പ്രവർത്തന പദ്ധതികളുടെ

വിശദാംശം

മഴവില്ല്

1.കുട്ടികളുടെ ഉള്ളിലെ ചിന്തകളും അനുഭവങ്ങളും ചിത്രരചനയിലൂടെ വ്യക്തമാക്കാൻ പ്രേരിപ്പിക്കുക

2. പരിസര ലോകം ശ്രദ്ധയോടെ കാണാനും അതിന്റെ പ്രത്യേകതകൾ തിരിച്ചറിയാനും കുട്ടികളെ സഹായിക്കുക

3. വ്യക്തിഗത ശൈലി കണ്ടെത്താനും അതിൽ ആത്മവിശ്വാസം വളർത്താനും കുട്ടികളെ പ്രേരിപ്പിക്കുക

MOSE

ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താനും എഴുതാനും ഇംഗ്ലീഷ് രചനകളുടെ സ്വതന്ത്രവായനയ്ക്കും കുട്ടികളെ പ്രാപ്തരാക്കുകയാണ് ലക്ഷ്യം. ഇതിനായി അക്കാഡമിക് മാസ്റ്റർ പ്ലാനിൽ പ്രത്യേക പ്രവർത്തനങ്ങൾ  ആവിഷ്കരിച്ചു. പൊതുവിദ്യാലയങ്ങളിലെ ഇംഗ്ലീഷ് മീഡിയം കുട്ടികൾ പോലും ഇംഗ്ലീഷ് കൈകാര്യം ചെയ്യുന്നതിൽ പിന്നാക്കമാണെന്ന കണ്ടെത്തലിനെ തുടർന്നാണ് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കാൻ  തീരുമാനിച്ചത്.ഗ്രൂപ്പ് ചർച്ച,സ്കിറ്റ്, സംവാദം, സിനിമ # ഇംഗ്ലീഷിൽ ദൈനംദിന ക്ലാസ് റൂം സംഭാഷണങ്ങൾ, ഗ്രൂപ്പ് ചർച്ചകൾ എന്നിവയ്ക്ക് പുറമേ ഇംഗ്ലീഷ് തീയറ്റർ, റോൾ പ്ലേ, സ്കിറ്റുകൾ, ഇംഗ്ലീഷ് സംവാദം, പ്രസംഗം എന്നിവ സംഘടിപ്പിക്കും.

# ഇംഗ്ലീഷ് പുസ്തകങ്ങൾ, മാസികകൾ, പത്രങ്ങൾ എന്നിവ വായിക്കാനും കഥ, കവിത, ലേഖനം എന്നിവ എഴുതാനും പ്രോത്സാഹിപ്പിക്കും. ഇംഗ്ലീഷ് പത്രം, മാഗസിനുകൾ എന്നിവ തയ്യാറാക്കാൻ കുട്ടികൾക്ക് അവസരമൊരുക്കും,

# ഇംഗ്ലീഷ് സിനിമകൾ കാണാൻ അവസരമൊരുക്കും, ഇംഗ്ലീഷ് ഫെസ്റ്റ്, ഇംഗ്ലീഷ് ഡേ എന്നിവയും വിദഗ്ധരെ പങ്കെടുപ്പിച്ച് ഇംഗ്ലീഷ് ശിൽപശാലയും നടത്തും.

# ഭാഷാ വികസനത്തിനായി ഇംഗ്ലീഷ് പഠന ആപ്പുകൾ, ഓഡിയോ വീഡിയോ പ്ലാറ്റ് ഫോമുകൾ പ്രയോജനപ്പെടുത്തുക, ഇംഗ്ലീഷ് ബ്ലോഗ് തയാറാക്കാൻ കുട്ടികളെ പ്രാപ്തരാക്കുക*.

ദിനാചരണങ്ങൾ

1. ഒരു അധ്യായന വർഷത്തിലെ പ്രധാനപ്പെട്ട ദിനാചരണങ്ങൾ പട്ടികപ്പെടുത്തുന്നു
2. ഓരോ ക്ലാസുകളിലും ഓരോ ദിനാചരണങ്ങൾക്ക് ഒന്നോ രണ്ടോ ദിവസം മുൻപ് തയ്യാറെടുപ്പുകൾ നടത്തുന്നു.
3. പ്ലക്കാർഡുകൾ റോൾപ്ലേകൾ, പ്രസംഗങ്ങൾ, പാട്ടുകൾ, കഥകൾ, നാടകങ്ങൾ, സ്കിറ്റുകൾ,ക്വിസ് മത്സരം മുതലായവ തിരഞ്ഞെടുക്കുന്നു.കുട്ടികൾക്ക് വേണ്ട നിർദ്ദേശങ്ങളും മറ്റും അധ്യാപകർ നൽകുന്നു.

4. അവതരണത്തിന് ആവശ്യമായ സജ്ജീകരണങ്ങളും വേദിയും ഒരുക്കുന്നു.

5. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പ്രവർത്തനങ്ങൾ നൽകുന്നു.

6. വീഡിയോ ഓഡിയോ ചിത്രീകരണം നടത്തി പോർട്ട് ഫോളിയോകൾ സൂക്ഷിക്കുന്നു.

ലക്ഷ്യങ്ങൾ:

*പാഠ്യേതരവും സാമൂഹികവുമായ അറിവ് വളർത്തിയെടുക്കാൻ കുട്ടികളെ സഹായിക്കുന്നു.

*ഓരോ ദിനാചരണങ്ങളുടെയും പ്രത്യേകതകളും പ്രാധാന്യവും മനസ്സിലാക്കുന്നു.

<u>പത്രവായനാശീലം</u>

വിദ്യാർത്ഥികൾക്ക് സ്വതന്ത്ര വായനയ്ക്ക് അനുയോജ്യമായ ഒരു സ്ഥലം വിദ്യാലയത്തിൽ ഒരുക്കുക

പത്രങ്ങൾ പ്രദർശിപ്പിക്കുക.

പത്രവാർത്തകൾ ശേഖരിച്ച് സൂക്ഷിക്കുക

പ്രത്യേക പതിപ്പുകൾ പ്രദർശിപ്പിക്കാൻ ബോർഡ് ക്രമീകരിക്കുക. പത്ര കട്ടിങ്ങുകൾ സൂക്ഷിക്കുന്നതിന് വളരുന്ന പതിപ്പുകൾ ക്രമീകരിക്കുക.

പ്രവർത്തനങ്ങൾ.

1. പത്ര ക്വിസ്
2. പത്രവാർത്ത സംവാദങ്ങൾ
3. ഒരേ വാർത്ത വിവിധ പത്രങ്ങളിൽ
4. എത്ര തരം വാർത്തകൾ
5. വാർത്ത വായന
6. വാർത്തകൾ മാറ്റി എഴുതാം
7. വാർത്തകൾ ചിത്രത്തിലൂടെ
8. തലക്കെട്ടിൽ നിന്നും വാർത്തകൾ തയ്യാറാക്കൽ

ലക്ഷ്യം:

1.വായന മെച്ചപ്പെടാൻ.

2.ഭാഷാശേഷി വളരാൻ

3. അവതരണത്തിന് ആവശ്യമായ സജ്ജീകരണങ്ങളും വേദിയും ഒരുക്കുന്നു.

4. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പ്രവർത്തനങ്ങൾ നൽകുന്നു.

5. വീഡിയോ ഓഡിയോ ചിത്രീകരണം നടത്തി പോർട്ട് ഫോളിയോകൾ സൂക്ഷിക്കുന്നു

## ഉപസംഹാരം

2025-26 അക്കാദമിക വർഷം സമഗ്ര ഗുണമേന്മ വർഷമായി ആചരിക്കുന്നു. ഓരോ കുട്ടിയേയും ഓരോ യൂണിറ്റ് ആയി കണ്ടു കൊണ്ട് കുട്ടികളുടെ സമഗ്രമായ വികസനം ലക്ഷ്യമിടുന്നു.അക്കാദമിക രംഗത്ത് ചിട്ടയായ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിന് ഗുണമേന്മ വിദ്യാഭ്യാസം പകർന്നുകൊടുക്കുന്ന ഒരു സ്ഥാപനം എന്ന നിലയിൽ ഉയരുന്നതിനായി ജി എൽ പി എസ് വേലനിലം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. കുട്ടികളുടെ സർവതോൻ മുഖമായ വികാസം എന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ട് പിടിഎ, എം പി ടി എ,എസ് എസ് ജി, എസ് ആർ ജി മറ്റ് അഭ്യൂദയ കാംക്ഷികൾ എന്നിവർ ഒന്നുചേർന്ന് 2025- 26 അധ്യയന വർഷത്തെ പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ട് അവ നടപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നു.